LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ചു നൽകുവാൻ പദ്ധതി

104 (4439) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും തിരുവനന്തപുരം ജില്ലയിൽ ഓരോ മത്സ്യഗ്രാമത്തിലും എത്ര വീടുകൾ മത്സ്യത്തൊഴിലാളികൾക്കായി നിർമ്മിച്ചു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുവാനുള്ള പദ്ധതികൾക്കായി ഓരോ വർഷവും നീക്കി വച്ച തുക എത്രയെന്നും, ചെലവായ തുകയെത്രയെന്നും പദ്ധതി തിരിച്ച് വ്യക്തമാക്കാമോ ; ഈ പദ്ധതികൾക്ക് കേന്ദ്ര വിഹിതമായി ലഭിച്ച തുകയെത്രയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും തിരുവനന്തപുരം ജില്ലയിൽ ഓരോ മത്സ്യഗ്രാമത്തിലും മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പിന്റെ ധനസഹായത്തോടെ നിർമ്മിക്കപ്പെട്ടിട്ടുള്ള വീടുകളുടെ പട്ടിക അനുബന്ധം (എ) ആയി ചേർക്കുന്നു.*

(ബി) ഫിഷറീസ് വകുപ്പ് മുഖേന സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി വിവിധ പദ്ധതികളിൽ വകയിരുത്തിയ തുക സംബന്ധിച്ച വർഷം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം (ബി) ആയി ചേർക്കുന്നു.*

50 ശതമാനം കേന്ദ്ര സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കുന്ന ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന നിർമ്മാണ പദ്ധതിക്കായി 2012-13, 2013-14-ൽ യൂണിറ്റിന് 50,000 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിന്റെ 50 ശതമാനം കേന്ദ്ര വിഹിതവും 50 ശതമാനം സംസ്ഥാന വിഹിതവുമാണ്. എന്നാൽ 2012-13-ൽ സംസ്ഥാന സർക്കാർ ഭവന നിർമ്മാണ ധനസഹായം യൂണിറ്റിന് 2 ലക്ഷം രൂപയാക്കി ഉയർത്തുകയും അധികമായി വരുന്ന തുക സംസ്ഥാന സർക്കാർ വഹിക്കുകയും ചെയ്യുന്നു. 2014-15-ൽ കേന്ദ്ര സർക്കാർ യൂണിറ്റ് കോസ്റ്റ് 75,000 രൂപ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിന്റെ 50 ശതമാനം കേന്ദ്ര വിഹിതമാണ്.

മത്സ്യ-ചെമ്മീൻ വിത്തുകളുടെ ലഭ്യതക്കുറവ്

105 (4440) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ ഗുണമേന്മയുള്ള മത്സ്യ/ചെമ്മീൻ വിത്തുകൾ ലഭിക്കാത്ത പ്രശ്നം പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കേരളത്തിൽ ഫിഷറീസ് വകുപ്പിന് കീഴിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മറ്റ് ഏജൻസികൾക്കു കീഴിലും മത്സ്യ/ചെമ്മീൻ ഉല്പാദനം നടത്തുന്ന ഹാച്ചറികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സംസ്ഥാനത്തിന്റെ ആവശ്യം നിറവേറ്റുന്നതിന് മതിയായ എണ്ണം മത്സ്യ/ചെമ്മീൻ വിത്തുൽപ്പാദിപ്പിക്കുവാൻ സംസ്ഥാനത്തിന് കഴിയുന്നില്ല. ടി കുറവ് പരിഹരിക്കുന്നതിനായി അന്യസംസ്ഥാനങ്ങളിൽ നിന്നും, സ്വകാര്യ ഹാച്ചറികളിൽനിന്നും ഗുണമേന്മ ഉറപ്പാക്കിയ മത്സ്യ/ചെമ്മീൻ വിത്തുകൾ കർഷകർക്ക് എത്തിച്ചുകൊടുക്കുന്നുണ്ട്. പി.സി.ആർ. ടെസ്റ്റ് നടത്തി ഗുണമേന്മ ഉറപ്പുവരുത്തിയ ചെമ്മീൻ വിത്തിനങ്ങളാണ് ഫിഷറീസ് വകുപ്പ് കർഷകർക്ക് നൽകുന്നത്. 2012-2015 കാലയളവിൽ നടപ്പിലാക്കിയ മത്സ്യസമൃദ്ധി പദ്ധതി മുഖേന വിതരണം ചെയ്ത ചെമ്മീൻ ഇനങ്ങൾ അഡാക്കിന്റെ നിയന്ത്രണത്തിലുള്ള പി.സി.ആർ. ലാബുകളിൽ വൈറസ് രോഗബാധ നിർണ്ണയിക്കുന്നതിന്റെ 4 ടെസ്റ്റുകൾ നടത്തി ഗുണമേന്മ ഉറപ്പുവരുത്തിയാണ് കർഷകർക്ക് വിതരണം ചെയ്തത്. സംസ്ഥാനത്ത് നിലവിലുള്ള ഹാച്ചറികളുടെ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും ടി രംഗത്ത് കൂടുതൽ ഹാച്ചറികൾ നിർമ്മിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള അഴീക്കോട് ഹാച്ചറിയിൽ പി.സി.ആർ. ലാബ് 2013-14 വർഷമാണ് നിലവിൽ വന്നത്. White Spot Syndrom Virus Test ആണ് അഴീക്കോട് ഹാച്ചറിയിൽ നടത്തുന്നത്. 2013-14-ൽ 10 സാമ്പിളുകളും 2014-15-ൽ 32 സാമ്പിളുകളും പരിശോധിച്ചിട്ടുണ്ട്. മത്സ്യഫെഡിന്റെ കീഴിലുള്ള തിരുമുല്ലവാരം (കൊല്ലം ജില്ല), മാപ്പിളബേ (കണ്ണൂർ ജില്ല), കയ്പമംഗലം (തൃശ്ശൂർ ജില്ല) ഹാച്ചറികളിൽ പി.സി.ആർ. ലാബുകൾ ഉണ്ട്.

അഡാക്കിന് കീഴിൽ വർക്കല ഓടയത്ത് ചെമ്മീൻ വിത്തുല്പാദന കേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്. ടി ഹാച്ചറിയോടനുബന്ധിച്ച് ചെമ്മീൻ കർഷകർക്ക് ചെമ്മീൻ കഞ്ഞുങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി ഒരു പി.സി.ആർ. ലാബും ഉണ്ട്. കൂടാതെ എറണാകുളത്ത് നോർത്ത് പറവൂരിലും കമ്പളങ്ങിയിലും ഓരോ പി.സി.ആർ. ലാബുകളും പ്രവർത്തിച്ചുവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ഓടയത്തെ പി.സി.ആർ. ലാബിൽ 116 സാമ്പിളുകളും നോർത്ത് പറവൂർ, കമ്പളങ്ങി എന്നീ ലാബുകളിലായി 343 സാമ്പിളുകളും പരിശോധിക്കുകയുണ്ടായി.